കൂടി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൻപ്രകാരം മെച്ചപ്പെട്ട ഇനം റേഷനരി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) റേഷൻകടകൾവഴി ലഭിക്കുന്ന അരി മോശമാണെന്ന് വ്യാപകമായ പരാതി ഇല്ല. എന്നാൽ ചില ഒറ്റപ്പെട്ട പരാതികൾ ലഭിക്കാറുണ്ട്. അവ അപ്പപ്പോൾ തന്നെ അന്വേഷിക്കുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ, എഫ്.സി.ഐ. യുടെ ജില്ലാ മാനേജർ, ഗുണനിലവാരവിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് റേഷൻ സാധനങ്ങൾ ഓരോ ആഴ്ചയിലും വിതരണത്തിനായി തെരഞ്ഞെടുക്കുന്നത്. ഗുണനിലവാരം ഉറപ്പാക്കി ഇപ്രകാരമുള്ള സാമ്പിൾ റേഷൻ മൊത്തവ്യാപാരികൾക്ക് നൽകുകയും അതനുസരിച്ചുള്ള സ്റ്റോക്ക് മാത്രമേ വിതരണത്തിനായി എടുക്കാവൂ എന്ന് വ്യാപാരികൾക്ക് കർശനനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുവിപരീതമായി സ്റ്റോക്ക് സ്വീകരിക്കുന്ന വ്യാപാരികൾക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നുണ്ട്. റേഷൻ ഡെപ്യൂട്ടി കൺട്രോളർമാർ മേൽപരിശോധനയും നടത്തിവരുന്നു. ഗുണനിലവാരമുള്ള അരിമാത്രമേ വിതരണത്തിനായി എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും റേഷൻ വിതരണത്തിനായി നൽകാൻ പാടുള്ളൂ എന്ന് എഫ്. സി.ഐ. അധികൃതരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

106 (1709) മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര മാവേലിസ്റ്റോറുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് ഇപ്രകാരം അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 126 മാവേലി സ്റ്റോറുകൾ.

(ബി)&(സി) ഉണ്ട്. മാവേലിസ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി അവ ആരംഭിക്കുവാനാണ് സർക്കാർ തീരുമാനം.

107 (1710) മാംപ്രയിലെ മാവേലിസ്റ്റോർ

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly